# കാളകൾ



തോളത്തു ഘനം തൂങ്ങും വണ്ടിതൻ തണ്ടും പേറി-
ക്കാളകൾ മന്ദം മന്ദമിഴഞ്ഞു നീങ്ങീടുമ്പോൾ
മറ്റൊരു വണ്ടിക്കാള മാനുഷാകാരം പൂണ്ടി-
ട്ടറ്റത്തു വണ്ടിക്കയ്യിലിരിപ്പൂ കൂനിക്കൂടി.
തോളുകൾ കുനിഞ്ഞിട്ടുണ്ടവന്നും, സ്വജീവിത-
നാളുകൾ തൽകണ്ഠത്തിലേറ്റിയ നുകം പേറി.
കാലുകൾ തേഞ്ഞിട്ടുണ്ടിന്നവന്നും നെടുനാള-
ക്കാലത്തിൻ കരാളമാം പാതകൾ താണ്ടിത്താണ്ടി.
ദുർവിധി കുടിച്ചെന്നും മിഴിനീർ വറ്റിക്കയാൽ
നിർവികാരങ്ങളാണാക്കണ്ണുകൾ നിർജീവങ്ങൾ.
മന്നിന്റെ നിലയ്ക്കാത്ത പ്രഹരം സഹിക്കയാൽ
പുണ്ണുകൾ പടർന്നിട്ടുണ്ടവന്നും കരൾക്കാമ്പിൽ.
ഒട്ടേറെക്കാലം മുമ്പിലച്ചെറുപഞ്ഞക്കുടിൽ-
ത്തൊട്ടിലിൽ കൈക്കുഞ്ഞായിപ്പിറന്ന കാലം മുതൽ,
ലക്ഷ്യമെ,ങ്ങറിയാതെ, മൃത്യുവിൻ ഭയാനക-
ശിക്ഷയിൽബ്ഭയം പൂണ്ടു കാൽക്ഷണം പതറാതെ,
ജീവിതം കയറ്റിയോരുൽക്കടബ്ഭാരം തിങ്ങു-
മാവണ്ടി വലിക്കയാണിസ്സാധു നാളിൽ നാളിൽ!
ഗ്രാമവീഥിയിൽ, നേരം വെളുക്കെ,ക്കുടം പേറി,
ത്താമരക്കുളം നോക്കിക്കന്യമാർ ഗമിക്കുമ്പോൾ,
പുഞ്ചയ്ക്കു വെള്ളം തേവും കൃഷിക്കാർതൻ ശുദ്ധമാം
നെഞ്ചുകൾ സംഗീതമായ് ചുറ്റിലും ചുറ്റീടുമ്പോൾ,
ഉച്ചയ്ക്കു വഴിവക്കിൽപ്പേരാലിൻ ചുവട്ടിലായ്
സ്വച്ഛനിദ്രയിൽ മുങ്ങിപ്പഥികർ ശയിക്കുമ്പോൾ;
ചാഞ്ഞിടും കരിക്കൊടിവള്ളിയിലൂഞ്ഞാലാടി-
ക്കാഞ്ഞിരമരത്തോപ്പിൽ തത്തകൾ ചിലയ്ക്കുമ്പോൾ,

അന്തിയിൽ, വിഷക്കാവിൽ, വെളിച്ചമകറ്റുവാൻ
ദുർമ്മന്ത്രവാദം ചെയ്യും മൂങ്ങകൾ മൂളിടുമ്പോൾ,
അകലെക്കുന്നിൻമോളിൽ, രാത്രിതൻ ഗുഹകളെ-
യലറും തെണ്ടിപ്പട്ടി'യോളി'യാൽ നിറയ്ക്കുമ്പോൾ
കണ്ടിടാറുണ്ടു ഞാനാക്കിഴവൻ വണ്ടിക്കാരൻ
വണ്ടിയും തെളിച്ചുകൊണ്ടങ്ങിങ്ങു ചരിപ്പതായ്.
മിണ്ടുകില്ലൊന്നും തന്നെ മിഴിയും ചുണ്ടും; വണ്ടി-
ത്തണ്ടിന്റെ ദയാർഹമാം ഞരക്കം മാത്രം കേൾക്കാം.
കാളകൾ ചരിക്കുന്നു മന്ദമായ്; 'ത്തെളിക്കുന്ന
കാള'യും ചലിക്കുന്നിതാവിധമെന്നും തന്നെ!
ഒട്ടേറെയപൂർവമായ്ക്കേട്ടിടാം, വണ്ടിക്കാരൻ –
ചാട്ടവാറുലയ്ക്കവേ മൂളുന്ന പാട്ടൊന്നേവം:
"നാടകമേ....യുലകം; നാളെ, നടപ്പതേ –
യാരറിവാർ – ഒരു നാടകമേ....യുലകം!"
ഒരു നാൾ ഗ്രാമവീഥി തന്നിലായ്ക്കണ്ടൂ ഞാനെൻ
കരളു നടുങ്ങവേയിമ്മട്ടാമൊരു രംഗം:
നാലുപേർ – അല്ലാ – നാലു കാളകൾ – പഴന്തുണി
മൂടിയ മരക്കട്ടിൽ പേറി മുന്നേറീടുന്നു!
കട്ടിലിൽ – ത്തുണിക്കുള്ളിൽക്കിടപ്പൂ തൻ ചൈതന്യം
വറ്റിയ 'വണ്ടിക്കാള'– പണ്ടത്തെ വണ്ടിക്കാരൻ!
കണ്ണുനീർ ചൊരിഞ്ഞീലാ ചുറ്റിലും മിത്രാദികൾ;
വിണ്ണിലായ് വിഷാദത്തിൻ വിലാപം പടർന്നീലാ.
തോളത്തു ഘനം തൂങ്ങും കട്ടിലും പേറിക്കൊണ്ടു
കാളകൾ നാലും മാത്രമിഴഞ്ഞു മുന്നേറുന്നു.

ഓർക്കുക വല്ലപ്പോഴും (പി. ഭാസ്കരൻ)



- “മറ്റൊരു വണ്ടിക്കാള മാനുഷാകാരം പൂണ്ടി-
  ട്ടറ്റത്തു വണ്ടിക്കയ്യിലിരിപ്പൂ കൂനിക്കൂടി”

  വണ്ടിക്കാരനെ മറ്റൊരു വണ്ടിക്കാള എന്നു വിളിക്കാൻ കാരണമെന്ത്? ചർച്ചചെയ്യുക.

- ‘കരിക്കൊടിവള്ളിയിലൂഞ്ഞാലാടുന്ന തത്ത’
  ‘മന്ദം മന്ദമിഴഞ്ഞു നീങ്ങുന്ന കാള’
  ‘താമരക്കുളം നോക്കി ഗമിക്കുന്ന കന്യമാർ’

  ജീവിതത്തിന്റെ ചലനാത്മകത ദൃശ്യമാക്കുന്ന സൂചനകളാണിവ. കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി എഴുതുക.

- പ്രയോഗഭംഗി കണ്ടെത്തുക.
  “അന്തിയിൽ, വിഷക്കാവിൽ വെളിച്ചമകറ്റുവാൻ
  ദുർമ്മന്ത്രവാദം ചെയ്യും മൂങ്ങകൾ മൂളിടുമ്പോൾ
  അകലെക്കുന്നിൻമോളിൽ, രാത്രിതൻ ഗുഹകളെ-
  യലറും തെണ്ടിപ്പട്ടി‘യോളി’യാൽ നിറയ്ക്കുമ്പോൾ”

- പ്രഭാതം മുതൽ രാത്രിവരെ നീളുന്ന വണ്ടിക്കാരന്റെ അധ്വാനതീവ്രത ധ്വനിപ്പിക്കാൻ കവി സ്വീകരിച്ചിട്ടുള്ള തന്ത്രമെന്ത്? വിശകലനം ചെയ്യുക.

- “പുഞ്ചയ്ക്കു വെള്ളം തേവും കൃഷിക്കാർതൻ ശുദ്ധമാം
  നെഞ്ചുകൾ സംഗീതമായ് ചുറ്റിലും ചുറ്റീടുമ്പോൾ”
  *കാളകൾ (പി. ഭാസ്കരൻ)*

  “പാടത്തുപോയ് പാംസുലപാദചാരി
  കൃഷീവലൻ വേലതുടങ്ങി നൂനം
  സോത്സാഹമായ് കാലികളെത്തെളിക്കു
  മവന്റെ താരസ്വരമുണ്ടു കേൾപ്പൂ”
  *ഗ്രാമീണകന്യക (കുറ്റിപ്പുറത്ത് കേശവൻനായർ)*

  തൊഴിലിനോടുള്ള ആത്മസമർപ്പണം ഈ രണ്ടു കാവ്യഭാഗങ്ങളിലും കാണാനാവും. ഇന്ന് തൊഴിൽരംഗത്ത് സമർപ്പണവും മൂല്യബോധവും നിലനിൽക്കുന്നുണ്ടോ? ഈ വിഷയത്തെ ആസ്പദമാക്കി ഒരു മുഖപ്രസംഗം തയാറാക്കുക.

- “ലോകമേ തറവാടു തനിക്കീ,ച്ചെടികളും
  പുൽകളും പുഴുക്കളും കൂടിത്തൻ കുടുംബക്കാർ”
  *എന്റെ ഗുരുനാഥൻ (വള്ളത്തോൾ)*

  മുകളിൽ കൊടുത്ത വരികൾ ‘കേക’ വൃത്തത്തിലാണ് രചിച്ചിരിക്കുന്നത്. ഇതേ വൃത്തത്തിലാണ് ‘കാളകൾ’ എന്ന കവിതയും. രണ്ടു കവിതകളും ഭാവപൂർണതയോടെ ചൊല്ലി അവതരിപ്പിക്കുക.

"കേവലമൊരു കാലിച്ചെറുക്കൻ ഞാനെന്നിട്ടും
കേശവാ, നീയെന്തെന്നെയിത്രമേൽ സ്നേഹിക്കുവാൻ"
*ഓർമ്മയ്ക്കു താലോലിക്കാൻ (യൂസഫലി കേച്ചേരി)*

"വായനക്കാർക്കിഷ്ടമാണെങ്കിൽ സങ്കൽപ്പ-
വായുവിമാനത്തിലേറിയാലും
പ്രീതരായ് സഞ്ചാരം ചെയ്യാം നമുക്കൽപ്പം
ഭൂതകാലാകാശവീഥിയിങ്കൽ"
*കിളിക്കൊഞ്ചൽ (വള്ളത്തോൾ)*

"പാതിരാക്കോഴി വിളിപ്പതും കേൾക്കാതെ
പാടത്തു പുഞ്ചയ്ക്കു തേവുന്നു രണ്ടുപേർ"
*പടയാളികൾ (വൈലോപ്പിള്ളി)*

കവിതാഭാഗങ്ങൾ താളത്തിൽ ചൊല്ലിനോക്കൂ. എന്തെങ്കിലും വ്യത്യാസം കണ്ടെത്താനായോ? എന്തുകൊണ്ട്? വിശദമാക്കുക.

## പദകോശം

| | |
|---|---|
| ആകാരം | - രൂപം |
| ഉൽക്കടം | - വർധിച്ച |
| ഓളി | - ഓരി, കൂവൽ |
| കരാളം | - ഭയങ്കരം |
| ഘനം | - ഭാരം |
| പഞ്ഞം | - ക്ഷാമം |
| പുഞ്ചക്കൃഷി | - മേടമാസത്തിലെ കൃഷി |
| പ്രഹരം | - അടി |
| മന്ന് | - ഭൂമി |
| വിഷക്കാവ് | - സർപ്പക്കാവ് |
| സ്വച്ഛം | - സുഖമുള്ള, തെളിഞ്ഞ |